# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5061 22.05.2017-ന് മറുപടിയ്ക്ക്

**<u>കാക്കത്തുരുത്ത് പാലത്തിന്റെ സ്ഥലമെട്ടപ്പ്</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം ആരിഫ് | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| അരൂർ മണ്ഡലത്തിലെ "കാക്കത്തുരുത്ത്" പാലത്തിന്റെ സ്ഥലമെട്ടപ്പ് പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ? | കാക്കത്തുരുത്ത് പാലത്തിന്റെ സ്ഥലമെട്ടപ്പുമായി ബന്ധപ്പെട്ട്, LARR ആക്ട്, 2013 - ലെ വ്യവസ്ഥകളനുസരിച്ച് അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട്(BVR) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 17/04/17- ൽ നടന്ന എൽ.എ കോൺഫറൻസിൽ, കാക്കത്തുരുത്ത് പാലത്തിന്റെ വീതി കൂട്ടുന്നതിനാൽ അലൈമെന്റിന് വ്യതിയാനം സംഭവിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അധികൃതർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, പുതിയ അർത്ഥനയും, ഭരണാനുമതിയും അലൈമെന്റ് സ്കെച്ചും ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പിന് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത രേഖകൾ പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ